**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4605** **26.10.2016-ൽ മറുപടിയ്ക്ക്**

**ആദിവാസികളുടെ തനത് കലാരൂപങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ആന്റണി ജോൺ** | **ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |

| | ചോദ്യം | | മറുപടി |
| --- | --- | --- | --- |
| എ) | ആദിവാസികളുടെ തനത് കലാരൂപങ്ങൾ പരിപോഷിപ്പിക്കുന്നതിനു വേണ്ടി എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | എ) & ബി) | 1. കിർത്താഡ്സ് ആദികലാ ഗ്രാമത്തിന്റെ ആഭിമുഖ്യത്തിൽ അന്യം നിന്നുകൊണ്ടിരിക്കുന്ന പട്ടികവർഗ്ഗ കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി നൃത്ത പഠന കളരികൾ സംഘടിപ്പിക്കാറുണ്ട്. നടപ്പു സാമ്പത്തികവർഷം മന്നാൻ സമുദായത്തിന്റെ തനത് കലാരൂപമായ മന്നാൻ കൂത്ത് പഠനകളരി സംഘടിപ്പിക്കുന്നുണ്ട്.<br>2. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെയും കിർത്താഡ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ എല്ലാ വർഷവും സംസ്ഥാനത്തെ രണ്ട് ജില്ലകളിൽ നടത്തുന്ന പ്രദർശന വിപണന മേളയുടെ ഭാഗമായി |
| ബി) | ഇതിനായി ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുന്ന ഗദ്ദിക എന്ന പരിപാടിയുടെ വേദികളിൽ പട്ടികവർഗ്ഗ തനത് കലാരൂപങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്.<br>3. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ 5 ആദിവാസി കലാരൂപങ്ങൾ ഉൾപ്പെടുത്തുന്നതിനു വേണ്ടി വിദ്യാഭ്യാസ വകുപ്പിന് അവതരണത്തെ സംബന്ധിക്കുന്ന മാനുവൽ പരിഷ്കരിക്കുന്നതിനായി ശില്പശാല സംഘടിപ്പിക്കുന്നതാണ്.<br>4. കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ യുവജനങ്ങൾക്കായി കൂടുതൽ തനത് നൃത്തപഠന കളരികൾ വരുംവർഷത്തിൽ സംഘടിപ്പിക്കുന്നതാണ്.<br>5. ഗോത്രവർഗ്ഗക്കാരുടെ കലയും സംസ്കാരവും എന്ന വിഷയത്തെ ആസ്പദമാക്കി കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ ദേശീയ സെമിനാർ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ